(2) the amount spent by the Government on irrigation works in the years 1102, 1103 and 1104 respectively ;

(3) what percentages of the budget allotment for irrigation were actually spent in 1102, 1103 and 1104 ?

Mr. V. K. Aravindaksha Menon.—(1) No.

(2) and (3) A statement giving the information is appended (vide Appendix II).

Malayattur Beat Guard

158. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ ചോദ്യത്തിന്ന ഗവമ്മേണ്ടു് ഭയവായി മറുപടി പറയാമൊ:— (a) മലയാറ്റൂർ ബീറ്റഗാർഡ് എബ്രഹാം എന്ന ആൾ തീവണ്ടിസ്റ്റേഷനിൽ മദ്യപിച്ചു ലഹള കൂട്ടിയതിന്നു കൊച്ചി മജിസ്ട്രേട്ട് ശിക്ഷിച്ചിട്ടുണ്ടൊ ; ഉണ്ടെങ്കിൽ എത്രശിക്ഷയാണെന്നും എന്നാണെന്നും പറയാമൊ ;

(b) ഇതിന്ന ശേഷം മേലിൽ മദ്യപിക്കയില്ലെന്ന കൺസർവേറ്റർ ഇയാളോട്ട സ്റ്റേറ്റുമെണ്ടു വാങ്ങിച്ചിട്ടുണ്ടൊ;

(c) ഈയിടയിൽ ടി എബ്രഹാം മലയാറ്റൂർ ഫോറസ്റ്റ ബങ്കളാവിലെ ജനവാതിൽ മുതലായതു പൊളിച്ചു ലഹള കൂട്ടുകയും മറ്റും ചെയ്തതായി ഗവമ്മെണ്ടു അറിഞ്ഞിട്ടുണ്ടൊ; ടി സ്ഥലം നന്നാക്കുന്നതിന്ന ടിയാന്റെ ജാമ്യ സംഖ്യ പിടിച്ചിട്ടുണ്ടൊ;

(d) ടിയാൻ മദ്യപിച്ചു ഒരു വീട്ടിൽ കയറിച്ചെന്ന ലഹള ഉണ്ടാക്കുകയും ഈയാളെ പിടിച്ചു കെട്ടി ഇടുകയും പോലീസ് അറസ്റ്റചെയ്യുകയും ചെയ്തിട്ടുണ്ടൊ;

(e) ടിയാനു എതിരായി സാക്ഷി പറഞ്ഞ 'ഞാലി' എന്ന വിളിച്ചുവരുന്ന പടയാടൻ കൊച്ചു ഔസേപ്പിനെ ഈ ഗാർഡു അറസ്റ്റചെയ്തു ബന്തവസ്സിൽ വെക്കുകയും പിറ്റെ ദിവസം വിടുകയും ചെയ്തിട്ടുണ്ടൊ; ജാമ്യത്തിൽ വിട്ടതിന്ന ശേഷം എന്തു നടപടിയാണ് നടത്തിയതു ;

(f) ഈയാളെ സ്ഥലം മാറ്റി കിട്ടണമെന്ന നാട്ടുകാർ ഹർജി ബോധിപ്പിച്ചിട്ടുണ്ടൊ; ഇതിനെപ്പറ്റി എന്തു നടപടിയാണ് നടത്തിയതു' ?

മിസ്റ്റർ കെ. രാമുണ്ണിമേനോൻ—(a) ഉവ്വ്. ൽ ഉദ്യോഗസ്ഥൻ പിഴയൊ അല്ലെങ്കിൽ ഏതു ദിവസത്തെ വെറും തടവോ. ഫൻറെ മാപ്പ് കൊടുത്തു.

(b) ഇല്ല.

(c) ഇല്ല.

(d) ഇല്ല. എന്നാൽ മലയാറ്റൂർ കുറിയേടൻ പാപ്പു എന്നാൾ ഗാർഡിന്റെ നേരെയുള്ള വിരോധം നിമിത്തം വേറെ ആളുകളോടുകൂടി ഫോറസ്റ്റ ബങ്കളാവിൽ കടന്നു ചെന്നു ഗാർഡിനെ ബലാല്ക്കാരമായി ടിയാന്റെ (പാപ്പുവിന്റെ) സ്ഥലത്തേക്കു കൊണ്ടുപോയി ഗാർഡിന്റെ പേരിൽ അക്രമത്തിന്ന (criminal trespass) കേസ്സു കൊടുത്തു. അയാളെ കോടതിയിൽ നിന്നു വിടുകയും ചെയ്തു.

(e) ഇല്ല. വേണ്ടനടപടികളും നടത്തി ഡിവിഷൻ ആപ്പീസ്സർ കേസ്സു കോമ്പൌണ്ടു ചെയ്തു.

(f) ചില ആളുകളുടെ പേരും ഒപ്പും ഉള്ളതായി ഒരു ഹർജി ഉണ്ടായിരുന്നു. അന്വേഷിച്ചതിൽ ഹർജിയിൽ പറഞ്ഞ ചിലർ ഒപ്പിട്ടിട്ടില്ലെന്നും കണ്ടു. ഹർജി ഇപ്പോഴും വിചാരണയിൽതന്നെ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly